മംഗളം

18 January 2018

# മുന്നറിയിപ്പുകൾ മലയാളത്തിലാക്കണമെന്ന് മത്സ്യത്തൊഴിലാളികൾ

**കൊച്ചി:** കടലിൽ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു കടുകട്ടി ഇംഗ്ലീഷിലുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുന്നതിനു പകരം മലയാളത്തിൽ സന്ദേശങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യമാണ് സി.എം.എഫ്.ആർ.ഐ സംഘടിപ്പിച്ച ചർച്ചയിൽ മത്സ്യത്തൊഴിലാളികൾ പ്രധാനമായും ഉന്നയിച്ചത്.

കാലാവസ്ഥാ മുന്നറിയിപ്പുകൾക്കു വികസിപ്പിച്ച സാങ്കേതിക സംവിധാനങ്ങൾ മത്സ്യത്തൊഴിലാളികൾക്കു ഫലപ്രദമാകുന്നില്ലെന്ന ആശങ്കയും മത്സ്യത്തൊഴിലാളികൾ ശാസ്ത്രജ്ഞരുമായി പങ്കുവച്ചു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിച്ച രാജ്യാന്തര സഫാരി സമ്മേളനത്തിന്റെ ഭാഗമായി മന്ത്രി മേഴ്സിക്കുട്ടിയമ്മയുടെ സാന്നിധ്യത്തിൽ നടത്തിയ ദുരന്തനിവാരണത്തെക്കുറിച്ചുള്ള ചർച്ചയിൽ നിറഞ്ഞുനിന്നത് മത്സ്യത്തൊഴിലാളികളുടെ ആവലാതികളും പരാതികളും.

മൊബൈൽ ആപ്പും ഓൺലൈൻ മുന്നറിയിപ്പു സംവിധാനങ്ങളുമൊക്കെയുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇവ തങ്ങൾക്കു പ്രയോജനപ്പെടുന്നില്ലെന്നായിരുന്നു മത്സ്യത്തൊഴിലാളികളുടെ പരാതി.

കടലിൽ പോകുന്നവരുടെ വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണമെന്ന നിർദേശവും ഉയർന്നുവന്നു. മത്സ്യബന്ധനത്തിനായി കടലിൽ പോകുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ലാത്തതാണ് ഓഖി ദുരന്തനിവാരണ പ്രവർത്തനങ്ങൾ ദുഷ്കരമായത്.

ടോക്കൺ സമ്പ്രദായം പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കടലിൽ പോകുന്ന തൊഴിലാളികളുടെ കണക്ക് കൃത്യമായി ശേഖരിക്കാനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും കഴിയുമെന്ന് അഭിപ്രായമുയർന്നു. മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ സംവിധാനങ്ങളുണ്ടെന്ന് ഉറപ്പ് വരുത്തണം. കാലാവസ്ഥാ മുന്നറിയിപ്പുകളും മത്സ്യങ്ങൾ കൂടുതലുള്ള സ്ഥലങ്ങളറിയാനുമായി മത്സ്യബന്ധന നിരീക്ഷണ സംവിധാനം (വി.എം.എസ്) ബോട്ടുകളിൽ ഘടിപ്പിക്കണം.

മീൻപിടിത്തത്തിനായി കടലിൽ പോകുന്ന ബോട്ടുകൾ 10 ദിവസത്തിലധികം കടലിൽ ചെലവിടാൻ അനുവദിക്കരുതെന്നും മത്സ്യത്തൊഴിലാളികൾ ചർച്ചയിൽ ആവശ്യപ്പെട്ടു. രക്ഷാപ്രവർത്തനങ്ങൾക്കു സംസ്ഥാന സർക്കാരിന് സ്വന്തമായി ബോട്ടുകളും സംവിധാനങ്ങളും വേണം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം മത്സ്യത്തൊഴിലാളികളാണ് ചർച്ചയിൽ പങ്കെടുത്തത്.

സി.എം.എഫ്.ആർ.ഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ശ്യാം എസ് സലീം മോഡറേറ്ററായിരുന്നു.

കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ്, ഐ.എസ്.ആർ.ഒ, ഇൻകോയിസ്, സംസ്ഥാന ദുരന്തനിവാരണ അഥോറിട്ടി, ഫിഷറീസ് വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. ഇൻകോയിസിലെ ഡോക്ടർ ടി.എം. ബാലകൃഷ്ണൻ, സി.എം.എഫ്.ആർ.ഐയിലെ ഡോ. എ.പി. ദിനേശ് ബാബു, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.